LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി ചാർജ്ജ് വർദ്ധനവ്

172 [185] *ശ്രീ. കെ. എ. ചന്ദ്രൻ:*
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. കെ. മുഹമ്മദാലി:
,, എം. മുരളി:
പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് നിലവിൽവന്നതിനുശേഷം എത്ര പ്രാവശ്യം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചു;

(ബി) ഇക്കഴിഞ്ഞ എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് എത്ര പ്രാവശ്യം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുകയുണ്ടായി;

(സി) എൽ. ഡി. എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴും അധികാരം ഒഴിയുമ്പോഴും വൈദ്യുതി ചാർജ്ജ് എത്ര വീതമായിരുന്നു;

(ഡി) ഈ മന്ത്രിസഭയുടെ അവശേഷിക്കുന്ന കാലത്ത് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുവാൻ ഉദ്ദേശമുണ്ടോയെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) യു. ഡി. എഫ്. സർക്കാർ നിലവിൽവന്നശേഷം രണ്ടു പ്രാവശ്യം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചു. എന്നാൽ ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടില്ല.

(ബി) നാലു പ്രാവശ്യം.

(സി) എൽ. ഡി. എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴും അധികാരം ഒഴിയുമ്പോഴും ബോർഡിന്റെ ശരാശരി വൈദ്യുതി ചാർജ്ജ് യൂണിറ്റ് ഒന്നിന് യഥാക്രമം 92.92 പൈസയും 169.41 പൈസയും ആയിരുന്നു.

(ഡി) ഇല്ല.

ജലസംഭരണികളിൽ നിലവിലുള്ള വെള്ളത്തിന്റെ ലെവൽ

173 [187] *ശ്രീമതി മേഴ്സി രവി:*
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലസംഭരണികളിൽ നിലവിലുള്ള വെള്ളത്തിന്റെ ലെവലെത്ര;